ഭരണഭാഷ–മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(നിലവിൽ: എ.ജെയിംസ് രാജ്)

എ3/14658/05 തീയതി: 17.02.2014

വിഷയം:– വ്യാവസായിക പരിശീലന വകുപ്പ് – ജീവനക്കാര്യം – ഓഫീസർ ഇൻ ചാർജ്ജ് – ട്രെയിനിംഗ് കം ഓറിയന്റേഷൻ (ഒ.ഐ.സി) തസ്തികയിലെ നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം:– 1.ജി.ഒ (പി) നം.41/93 തൊഴിൽ തീയതി, 6.7.1993.

2. എ3/13106/12–ാം നമ്പർ 31.12.2013 ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

ചാക്ക ഐ.ടി.ഐ യിലെ ഒ.ഐ.സി ആയിരുന്ന ശ്രീ.ശ്രീകുമാരൻ നായർക്കും ആറ്റിങ്ങൽ ഐ.ടി.ഐ യിലെ ഒ.ഐ.സി ആയിരുന്ന ശ്രീമതി. ഗീതാകുമാരിയ്ക്കും പരാമർശം(2)-ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് മൂലം ഒ.ഐ.സി തസ്തികയിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

05.11.2012 മുതൽ ഒരു വർഷത്തേയ്ക്ക് സ്ഥാനക്കയറ്റം നിരസിച്ചിരുന്ന ശ്രീ.സുരേഷ്.എസ് സീനിയർ ക്ലാർക്കും സീനിയോരിറ്റി നം.267 ശ്രീ.ശശികുമാർ.എം, സീനിയർ ക്ലാർക്കും ഒ.ഐ.സി തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിരുന്നു.

ഒ.ഐ.സി തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിയ്ക്കാൻ ടി ജീവനക്കാർക്ക് യോഗ്യതയും സീനിയോരിറ്റിയും ഉണ്ട് എന്ന് കാണുന്നതിനാൽ ശ്രീ.സുരേഷ്.എസ്, സീനിയർ ക്ലാർക്ക്, ഐ.ടി.ഐ ആര്യനാട്, ശ്രീ.ശശികുമാർ.എം, സീനിയർ ക്ലാർക്ക് ഐ.ടി.ഐ ചന്ദനത്തോപ്പ് എന്നീ ജീവനക്കാർക്ക് KS&SSR –ലെ റൂൾ 31 (എ)(1) പ്രകാരം 14620–25280 രൂപാ ശമ്പള നിരക്കിൽ തസ്തികമാറ്റം നൽകി യഥാക്രമം ഐ.ടി.ഐ ചാക്ക, ഐ.ടി.ഐ ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

മറുപുറം

ടി ജീവനക്കാരെ വിടുതൽ ചെയ്യുന്നതും സേവനത്തിൽ പ്രവേശിപ്പിയ്ക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

തസ്തികമാറ്റം ലഭിച്ച ജീവനക്കാർ സർക്കാർ ഉത്തരവ് നം.85/2011/ഫിൻ തീയതി, 26.2.2011 പ്രകാരമുള്ള ഓപ്ഷൻ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ സമർപ്പിയ്ക്കേണ്ടതാണ്.

ഒപ്പ്/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്,

പകർപ്പ്:- 1. വകുപ്പ് വെബ്സൈറ്റ്
2. എസ്.എഫ് (എ3)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

R/21/02/2012